മലമ്പുഴ അണക്കെട്ടിലെ ചെളിനീക്കൽ വലിയ പാരിസ്ഥിതിക ദുരന്തം ക്ഷണിച്ചുവരുത്തുന്നു. വിശദമായ പാരിസ്ഥിതിക ആഘാത പഠനങ്ങളൊന്നും നടത്താതെ കച്ചവടതാൽപര്യത്തോടെ നടപ്പിലാക്കുന്ന ഈ തീരുമാനം ഡാമിന്റെ സുരക്ഷയ്ക്കായി രൂപീകരിച്ചിട്ടുള്ള ഡാം സേഫ്ടി അതോറിറ്റിപോലും അറിഞ്ഞിട്ടില്ല. പുഴ നശിച്ച് നിരവധി ആരോഗ്യപ്രശ്നങ്ങളുണ്ടാകാൻ കാരണമാകുന്ന ഈ തീരുമാനത്തിന് ശാസ്ത്രീയ പിൻഫലം ഒട്ടുമില്ല.

## മലമ്പുഴ ഡാമിൽനിന്നും ചെളി നീക്കുന്നത്
# പരിസ്ഥിതിക്ക് ഭീഷണി

കേരളീയം വാർത്താശൃംഘല

പാലക്കാട് ജില്ലയിലെ കർഷകരുടെ നെടുനാളത്തെ മുറവിളിയെത്തുടർന്നാണ് 1949ൽ മലമ്പുഴ അണക്കെട്ടിന്റെ നിർമ്മാണം ആരംഭിച്ചത്. പഞ്ചവത്സര പദ്ധതികളുടെ ഭാഗമായി കാർഷികോത്പാദനം വർദ്ധിപ്പിക്കുക എന്ന മഹത്തായ ലക്ഷ്യത്തോടെയാണ് ഇത് തുടങ്ങിയത്. വർഷങ്ങൾക്ക് മുൻപ് തന്നെ ഇവിടുത്തെ പ്രമുഖ കർഷകനായ കുപ്പുസ്വാമി നായിഡു പശ്ചിമഘട്ട മലയിടുക്കുകളിൽ നിന്ന് വരുന്ന വെള്ളം കെട്ടി നിർത്തി നായ്ക്കന്റെ അണ നിർമ്മിച്ച് ജലം സംഭരിച്ച് കൃഷിക്ക് വിട്ടുകൊടുത്ത് നീർവാരം പിരിച്ചുരുന്നതായി ചരിത്രം പറയുന്നു. ചുരുക്കത്തിൽ നായിഡുവാണ് മലമ്പുഴ അണക്കെട്ടിന്റെ ജനയിതാവ്. ഡാമും കനാലും നിർമ്മിക്കുന്നതിന് ഹെക്ടർ കണക്കിന് കൃഷിഭൂമി കർഷകരിൽ നിന്നും സർക്കാർ ഏറ്റെടുത്തു. 1955 പണിപൂർത്തിയാക്കി അന്നത്തെ മദ്രാസ് സംസ്ഥാന മുഖ്യമന്ത്രി കാമരാജ് നാടാർ അണക്കെട്ട് രാഷ്ട്രത്തിന് സമർപ്പിച്ചു. 580 ലക്ഷം രൂപ ചിലവാക്കി നിർമ്മിച്ച അണക്കെട്ടിന് രണ്ട് കനാലുകളും ശാഖകളുമായി 388 കി.മി ദൈർഘ്യമുണ്ട്. സംസ്ഥാനത്ത് ഏറ്റവും വലുതും, ആദ്യത്തേതുമായ ജലസേചന പദ്ധതിയാണ് മലമ്പുഴയിലേത്. ഇതിന്റെ വിജയകരമായ പൂർത്തീകരണവും നടത്തിപ്പും മറ്റ് അണക്കെട്ടുകളുടെ നിർമ്മാണത്തിന് പ്രചേദനം നൽകി. പാലക്കാടിനെ കേരളത്തിന്റെ നെല്ലറയാക്കുന്നത് മലമ്പുഴ അണക്കെട്ടാണ്. 25,000 ഹെക്ടർ പ്രദേശത്തെ കൃഷിക്ക് ഇത് ഉപകരിക്കുന്നു. ജില്ലയിലെ കാർഷിക വിള രീതികളെയും ഭൂ ഉപയോഗത്തെയും കാലാവസ്ഥയേയും ജൈവ ആവാസവ്യവസ്ഥയെയുമെല്ലാം മലമ്പുഴ അണക്കെട്ട് ബൃഹത്തായി സ്വാധീനിച്ചിട്ടുണ്ട് എന്നതിൽ തർക്കമില്ല. പാലക്കാട് മുൻസിപ്പാലിറ്റിയിലും സമീത്തുള്ള എട്ട് ഗ്രാമ പഞ്ചായത്തുകളിലും (പുതുശ്ശേരി, മരുതറോഡ്, മലമ്പുഴ, അകത്തേത്തറ, പിരായിരി, പുതുപ്പരിയാരം, കൊടുമ്പ്, കണ്ണാടി) ഉള്ള 20 ലക്ഷം ജനങ്ങൾക്ക് കുടിനീർ നൽകുന്നത് മലമ്പുഴ ജലാശയത്തിൽ നിന്നാണ്. കൂടാതെ നിരവധി വ്യവസായശാലകൾക്കും, ദക്ഷിണ റെയിൽവേക്കും ഇവിടെ നിന്ന് വെള്ളം നൽകുന്നുണ്ട്. വൃന്ദാവനം എന്ന് വിശേഷിപ്പിക്കുന്ന മലമ്പുഴ പൂങ്കാവനവും ഡാമിനടുത്തുനണ്ട്. സംസ്ഥാനത്തെ ഏറ്റവും വലിയ ആഭ്യന്തര ടൂറിസ്റ്റ് കേന്ദ്രമായ ഇവിടം പ്രതിവർഷം 20 ലക്ഷത്തിലേറെ സന്ദർശകരെ ആകർഷിക്കുന്നുണ്ട്.

ഏതാണ്ട് കാൽനൂറ്റാണ്ടായി മലമ്പുഴ ജലാശയത്തിന്റെ ജലസംരക്ഷണ ശേഷി ഗണ്യമായി കുറയാൻ തുടങ്ങിയിട്ട്. പീച്ചിയിലെ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ പഠനമനുസരിച്ച് സിൽറ്റ് (ചെളിയും മണലും) അടിഞ്ഞതുമൂലം അണക്കെട്ടിന്റെ സംഭരണശേഷി 12% കുറഞ്ഞിട്ടുണ്ട്. (മൊത്തം സംഭരണ ശേഷി 226 ദശലക്ഷം ഘനമീറ്ററാണ്. ഇതിൽ 17 ദശലക്ഷം ഘനമീറ്റർ സിൽറ്റ് അടിഞ്ഞിട്ടുണ്ട്.) എന്നാൽ തങ്ങൾ വിശദമായതോ മണലും ചെളിയും വേർതിരിച്ചതോ ആയ പഠനം നടത്തിയിട്ടില്ലെന്ന് കെ.ഇ. ആർ.ഐ തന്നെ സമ്മതിക്കുന്നുണ്ട്. ഇത്ര കണ്ട് സിൽറ്റ് അടിയാൻ കാരണം മലയടിവാരത്തുള്ള തോട്ട കൃഷിയും പണ്ടാരത്ത് മലയിലെ മലബാർ സിമന്റ്സിന്റെ ഖനിളിലുള്ള ചുണ്ണാമ്പുകല്ല് ഖനനവും അകമലവാരത്തെ റിംഗ് റോഡ് നിർമ്മാണവും ജലാശയത്തിലെ കൃഷിയുമാണ്. റിംഗ് റോഡ് നിർമ്മാണം കാരണം വൃഷ്ടി പ്രദേശത്തെ വിസ്തൃതി ഗണ്യമായികുറഞ്ഞിട്ടുണ്ട്. കൂടാതെ വൻതോതിലുള്ള വനനശീകരണവും മഴക്കുറവിന് കാരണമായിട്ടുണ്ട്. ഇതെല്ലാം മൂലം ജലാശയത്തിലേക്കുള്ള നീരൊഴുക്ക് കുറയുകയും വർഷങ്ങളായി കനാലുകളുടെ വാലറ്റത്ത് വെള്ളമെത്താതെയുമായി. ഇതിന്റെ എല്ലാം പരിണിതഫലമായി ഓരോ വർഷവും ഏക്കർ കണക്കിന് കൃഷി ഉണങ്ങുന്നു.

ജലസംഭരണശേഷി വർദ്ധിപ്പിക്കാനെന്ന വ്യാജേന ഇപ്പോഴത്തെ ധൃതി പിടിച്ചുള്ള സർക്കാർ നീക്കം ഈ സിൽറ്റ് വാരി മാറ്റാനാണ്. 500 ലക്ഷം ടൺ മണൽ അണക്കെട്ടിലുണ്ടെന്നും ഇത് വിറ്റാൽ 800 കോടി രൂപ ലഭിക്കുമെന്നും നാനൂറ് കോടി രൂപചില

വാകുമെന്നുമാണ് സർക്കാർ കണക്ക്. എന്നാൽ ഇത്ര അളവ് മണൽ അണക്കെട്ടിൽ നിന്നും ലഭിക്കുകയില്ലെന്നും ഈ സിൽറ്റ് ഗുരുതരമായ പരിസ്ഥിതി പ്രശ്നമുണ്ടാക്കുമെന്നും വർഷങ്ങളായി അടിഞ്ഞുകിടക്കുന്ന ഈ സിൽറ്റ് നീക്കം ചെയ്താൽ അണക്കെട്ടിന് പിളർപ്പിനും ബലക്ഷയത്തിനും കാരണമാകുമെന്നും പരിസ്ഥിതി - ഭൗമ ശാസ്ത്രജ്ഞൻമാർ ആശങ്കപ്പെടുന്നു. അണക്കെട്ട് തകർന്നാൽ പാലക്കാട് പട്ടണവും ഏതാനം പഞ്ചായത്തുകളും വെള്ളത്തിലാകും. സിൽറ്റ് നീക്കുന്നതിന്റെ ഭാഗമായി വെള്ളം കലങ്ങുമെന്നും അത് തെളിയുന്നതിന് ഒരു വർഷമെടുക്കുമെന്നുമാണ് ശാസ്ത്രജ്ഞൻമാരുടെ അഭിപ്രായം. ആഗോള ടെണ്ടർ വിളിച്ചതുമൂലം ബഹുരാഷ്ട്ര കുത്തകകൾ ഉൾപ്പെടെ നിരവധി പേർ മുന്നോട്ട് വന്നിട്ടുള്ളത് സൂചിപ്പിക്കുന്നത് ഇത് മറ്റൊരു കരിമണൽ ഖനനമാകുമെന്നാണ്. അണക്കെട്ടുകളുടെ സംരക്ഷണത്തിന് വേണ്ടി രൂപീകരിട്ടിട്ടുള്ള ഡാം സേഫ്റ്റി അതോറിറ്റിയുടെ അറിവോടെയല്ല ഈ പദ്ധതി എന്നതും ദുരൂഹത സൃഷ്ടിക്കുന്നു. ഇതിൽ യാതൊരു സുതാര്യതയുമില്ലെന്ന ആക്ഷേപവും പരക്കെയുണ്ട്. മാത്രമല്ല, ഇതേവരെ ശാസ്ത്രീയമായ പാരിസ്ഥിതിക ആഘാത പഠനങ്ങളൊന്നും ഈ പദ്ധതിയെപ്പറ്റി നടത്തിയിട്ടില്ല.

# ക്ഷണിച്ചുവരുത്തുന്ന പാരിസ്ഥിതിക ദുരന്തം

ഡോ. കെ. പി ത്രിവിക്രംജി

മലമ്പുഴ അണക്കെട്ട് കമ്മീഷൻ ചെയ്ത് 55 വർഷം കഴിഞ്ഞപ്പോൾ അശാസ്ത്രീയമായ മാർഗ്ഗങ്ങളിലൂടെ അണക്കെട്ടിൽ നിന്നും കെള്ളലാഭമുണ്ടാക്കുന്നതിനുള്ള വസ്തുതകൾ തിരയുകയാണ് അധികൃതർ. ഈ വർഷം ആദ്യം നടന്ന നമ്മുടെ ബജറ്റ് പ്രസംഗത്തിൽ മലമ്പുഴ ഡാമിലെ ചെളികോരി വിറ്റാൽ 400 കോടി രൂപ ലാഭം കിട്ടും എന്നൊരു കണക്ക് പ്രതിപാദിക്കപ്പെട്ടു. ചെളിയിൽ നിന്നും മണൽ വേർപെടുത്തിയെടുത്ത് ആ മണൽ വിറ്റ് കിട്ടുന്ന തുകയാണ് 400 കോടി രൂപ. ലാഭം മാത്രമല്ല ഡാമിന്റെ സംഭരണശേഷി കൂട്ടാൻ കഴിയുമെന്നും അധികൃതർ പറയുന്നുണ്ട്. എന്നാൽ വേണ്ടത്ര വസ്തുതാപരമായി പ്രശ്നങ്ങൾ പഠിക്കാതെയാണ് ഇവർ ഇത്തരം അവകാശ വാദങ്ങൾ നിരത്തുന്നത്. ഈ പറയുന്ന തോതിലുള്ള ചെളിയുണ്ടോ എന്നത് വ്യക്തമല്ല. ചെളിയുണ്ടാകില്ല എന്നതാണ് വസ്തുത. ചെളിപുറത്തേക്കെടുക്കുമ്പോൾ കലങ്ങുന്ന വെള്ളം വിളനനയ്ക്കുന്നതിനും കുടിക്കുന്നതിനും അപര്യാപ്തമായിമാറും എന്നതാണ് മറ്റൊരു പ്രധാന പ്രശ്നം. മണൽ മാറ്റിയ ശേഷം വരുന്ന ചെളി എന്ത് ചെയ്യും എന്നതിനെക്കുറിച്ചും ഒന്നും വ്യക്തമായി പറയുന്നില്ല. മണലും ചെളിയും കൂടാതെ വൃഷിടി പ്രദേശത്ത് നിന്നും ഖര - ലായനി രൂപത്തിൽ പലതരം കെമിക്കൽസും ജലാശയത്തിൽ എത്തിച്ചേരുന്നുണ്ട്. വെള്ളത്തിലൂടെ ആഗിരണം ചെയ്യപ്പെട്ട് ഇവ അടിത്തട്ടിലെ ചെളിയിൽ എത്തപ്പെടുന്നു. ഡാമിൽ നിന്നും ചെളി പുറത്തേക്കെടുക്കുമ്പോൾ ഈ കെമിക്കലുകൾ കാറ്റിലും വെള്ളത്തിലും പടരാൻ കാരണമാകും. ഗുരുതരമായ നിരവധി ആരോഗ്യ പ്രശ്നങ്ങൾക്ക് ഇത് കാരണമാകും. ചെളിയെടുപ്പ് ജലജീവികളുടെ ആവാസവ്യവസ്ഥയെ കീഴ്മേൽ മറിക്കും. സൂര്യപ്രകാശം എത്തുന്ന ആഴം കുറയുകയും ഫുഡ് പിരമിഡിന് നാശം സംഭവിക്കുകയും ചെയ്യുന്നു. മണൽ വേർതിരിച്ചെടുത്ത ശേഷമുള്ള ചെളി എന്താണ് ചെയ്യുന്നത് എന്ന് വ്യക്തമല്ല. ചെളി തിരിച്ച് ജലാശയത്തിലേക്ക് ഒഴുക്കി വിടാൻ സാധിക്കില്ല. ചെളിയിൽ നിന്നും മണൽ വേർതിരിക്കാനും ധാരാളം ജലം ആവശ്യമാണ്. കുടിവെള്ളം പോലും ദുർലഭമായ പ്രദേശത്ത് ചെളിയിൽ നിന്നും മണൽ വേർ തിരിക്കാൻ ആവശ്യമായ ജലം എവിടെ നിന്നാണ് കിട്ടുന്നത്? ബാക്കിവരുന്ന ചെളി തുറസ്സായ സ്ഥലത്ത് വച്ചു എന്ന് തന്നെ കരുതുക. എന്റെ അനുമാനത്തിൽ 8 നിലക്കെട്ടിടത്തിന്റെ ഉയരത്തിൽ ചെളി ഉണ്ടാകാനാണ് സാധ്യത. എന്നാൽ തുറസ്സായ സ്ഥലത്ത് ചെളി ശേഖരിച്ച് വച്ചാൽ അതിൽ അവശേഷിക്കുന്ന കെമിക്കലുകൾ മഴക്കാലത്ത് വെള്ളത്തിൽ കലർന്ന് ഉപരിതല ഭൂഗർഭ ജല സ്രോതസുമായി ചേരാണ് സാധ്യത. ഇതും അനവധി ആരോഗ്യ പ്രശ്നങ്ങൾക്ക് കാരണമാകും. അതിനാൽ ഈ പദ്ധതി നടപ്പാക്കുന്നതിന് മുൻപ് വിശദമായ ശാസ്ത്രീയ പഠനം ഉറപ്പായും നടത്തേണ്ടതുണ്ട്.

## ദേശീയ തൊഴിലുറപ്പ് പദ്ധതി: കർണ്ണാടക മാതൃകയാകുന്നു

കർണ്ണാടക സർക്കാർ ദേശീയ തൊഴിലുറപ്പ് പദ്ധതി പരിസ്ഥിതി പുനസ്ഥാപന പ്രവർത്തനങ്ങൾക്കായി ഉപയോഗിക്കാൻ തീരുമാനിച്ചുകൊണ്ട് മാതൃകയായിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി ഒരു കോടി തദ്ദേശീയ വൃക്ഷതൈകൾ വച്ച് പിടിപ്പിക്കാനാണ് പരിപാടി. ആനകളെയും തടാകങ്ങളെയും സംക്ഷിക്കുന്നതിനും പദ്ധതികളും ഉദ്ദേശിക്കുന്നുണ്ട്. നമ്മുടെ നാട്ടിൽ തൊഴിലുറപ്പ് പദ്ധതിയുടെ ഭാഗമായി പരിസര ശുചീകരണമെന്ന പേരിൽ കാടു വെട്ടുകയും പുഴയുടെ വീതികൂട്ടാനെന്ന പേരിൽ തോടരികിലെ കൈതകൾ വെട്ടി നീക്കുകയും ചെയ്ത് പരിസ്ഥിതി നശിപ്പിക്കുമ്പോഴാണ് വനവത്കരണം പോലെയുള്ള പരിപാടികളുമായി കർണ്ണാടക മാതൃകയാകുന്നത്.